24
നവംബർ 2023
വെള്ളി

# കർണ്ണികാരം പത്രം

കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ മൂത്താന്തറ

## വൈൽഡ് ഫോട്ടോഗ്രാഫി ക്ലാസും പ്രദർശനവും നടത്തി



വനത്തിന്റെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണ പ്രാധാന്യം ഫോട്ടോകളിലൂടെ അവതരിപ്പിച്ച്,കൊടുവായൂർ ഹോളി ഫാമിലി വനിതാ കോളേജും,കല്ലേക്കാട് ഭാരതീയ വിദ്യാനികേതൻ ടീച്ചർ എജുക്കേഷനും ചേർന്ന് കാട്ടുതീ ജനകീയ പ്രതിരോധ സേനയുടെ സഹകരണത്തോടെ കർണ്ണകിയമ്മൻ ഹയർ സെക്കന്ററി സ്കൂളിൽ നടത്തിയ പ്രകൃതി പരിപാലന ക്ലാസും ഫോട്ടോ- പ്രദർശനവും ശ്രദ്ധേയമായി.ചലച്ചിത്ര നടനും സംവിധായകനുമായ സജു.എസ് ദാസ് മുഖ്യാതിഥിയായി പങ്കെടുത്തു.കെ എച്ച് എസ് എസ് പ്രധാനധ്യാപിക ലത അധ്യക്ഷയായി.കാട്ടുതീ പ്രതിരോധ സേന പ്രോഗ്രാം കോഡിനേറ്റർ വരദം ഉണ്ണി, മാധ്യമപ്രവർത്തകൻ സമദ് കല്ലടിക്കോട്,തുടങ്ങിയവർ പ്രസംഗിച്ചു.

ഫോട്ടോഗ്രാഫിയുടെ ക്ലാസുകൾ അറ്റൻഡ് ചെയ്യുത് കൈറ്റ്സ് വിദ്യാർത്ഥികളാണ്. ക്ലാസിനു ശേഷം കുട്ടികൾ സ്കൂൾ കോമ്പൗണ്ടിനകത്തുള്ള ഫോട്ടോസ് ഡി എസ് എൽ ആർ ക്യാമറ ഉപയോഗിച്ച് എടുക്കുവാൻ പഠിച്ചു.ഒരു ന്യൂസിൽ കൊടുക്കേണ്ട ഫോട്ടോസ് എങ്ങനെയായിരിക്കണം എന്നും അത് എങ്ങനെയാണ് എടുക്കേണ്ടതെന്നും മാധ്യമപ്രവർത്തനങ്ങളെ കുറിച്ചും ക്ലാസ്സ് , പ്രോഗ്രാം കോഡിനേറ്റർ വരദം ഉണ്ണി സാർ മാധ്യമപ്രവർത്തകൻ സമദ് കല്ലടിക്കോട് എന്നിവർ പറഞ്ഞുകൊടുത്തു.വൈൽഡ് ഫോട്ടോഗ്രാഫി പ്രദർശനത്തിനശേഷം




കൈറ്റ്സ് വിദ്യാർത്ഥികളും , കോഡിനേറ്റർ ആയ വരദ ഉണ്ണി സാറുമായും ഒരു അഭിമുഖം നടത്തി.

## English News reading




English News reading , a programme of ASPIRE ENGLISH CLUB in collaboration with Little kites club was organised in Karnakayamman Higher Secondary School. The News bulletin was telecasted in the Karnaki TV on 15th November 2023. The programme was inaugurated by School Headmistress Smt. R.Latha. Members of ASPIRE ENGLISH CLUB, Little kites club and the teachers of Dept. of English attended the programme. The presentation was in the form of a conversation between Vishnu and karthika , who were 10th and 8th standard students respectively. The presentation comprised all the programmes held in the school during the month of September and October. Celebration of Teachers Day, Hindi Day , Sanskrit Day , English Assembly, Sports events , cultural and literal programmes of school youth festival and activities of Little kites club were included in the presentation